

# നാമ്പ്

ജി.എം.എച്ച്. എസ്. കരിപ്പോൾ

കൈറ്റ് ടീം 2019-21 ബാച്ച്

# ആമുഖം

കൈറ്റിന്റെ കുട്ടികൾ സാറുമാരുടെ സഹായത്തോടെ മലയാളം ടൈപ്പിംഗ് പഠിച്ച് കുട്ടികൾ അവരുടെ മനസ്സിൽ നിന്നുമെടുത്ത കലാസൃഷ്ടിയാണ് **"നാമ്പ് "** ഇതിൽ പതിഞ്ഞു വന്നത് കവിത ,കഥ ,ലേഖനം എന്നിവ കൊണ്ട് സമ്പന്നമാണ് . ഈ മാഗസിൻ കുട്ടികളിൽ വായനക്കുള്ള പ്രചോദനം വളർത്താനുള്ള ഒരു ഉത്തമ മാതൃകയാണ് .

## ഉള്ളടക്കം


അറിവിന്റ വെളിച്ചം....2
ഇത് ഇങ്ങനെയാകുമെന്ന് കരുതിയില്ല....3
കെടാവിളക്കാണ് എന്റെ അമ്മ....4
മഴ മേഘങ്ങൾക്ക് താഴെ....5
എന്നെ ചതിച്ച പടക്കം....6
എവിടെ പോയി....7
ഞാൻ കണ്ട ദുരന്തം....8
ശാന്തമായ രാത്രി....9
ഊണിന്റെ മേളം....10
ശാന്തത....11
എന്റെ യാത്ര....12
നൃത്തം ചെയ്യുന്ന വീട്....13
എനിക്കു വന്ന ദുരന്തം....14
പാപ്പിക്കിലുമണി....16
പൂവിലുള്ള സ്വപ്നം....17
മാഞ്ഞു പോയ നിലാവിളക്ക്....19
പ്രകൃതി....20
പ്രകൃതിയില്ലാതാകുന്നു....21
ഉറക്കത്തിന്റെ രാവ്....22
പ്രതീക്ഷയോടെ അമ്മ....23
ഹരിതം....24
പൈങ്കിളിയോട്....25
അറിവായ് നിറവായ്....26
മിഠായിപ്പാട്ട്....27
എവിടെക്കോ പോയി മറയുന്നു....28
ഏതൊരു മനുഷ്യന്റെയും കുഴപ്പം....29
ജീവിത വഴികൾ....30
മറയുന്ന ലേകം....31
ആത്മശാന്തി....32

# അറിവിന്റെ വെളിച്ചം

ഓരോ വിദ്യാർത്ഥിയിലുമുണ്ടാവാം

മിന്നാമിനുങ്ങ് വെളിച്ചം

ഓരോരോ വിദ്യാർത്ഥി കൂടുമ്പോൾ സൂര്യനെക്കാൾ

മറിയുംവെളിച്ചം

കൂടുന്ന കൂടുന്ന പുഴകൾ

ആയിമാറുന്നു. കടൽ

കൂട്ടണം കൂട്ടണം വിജ്ഞാനം

കൂട്ടിയോജിപിക്കുംപോലെ.



# ഇത് ഇങ്ങനെയാകുമെന്ന് കരുതിയില്ല

പണ്ട് ഈ സ്ഥലം എത്ര മനോഹരമായിരുന്നു. അന്നുണ്ടായിരുന്ന ആ സ്ഥലമാണെന്ന് തോന്നാത്ത വിധത്തിൽ ആ സ്ഥലം നികത്തി വീണ്ടും വലിയ കെട്ടിടങ്ങളും ഉണ്ടായിരിക്കുന്നു. പണ്ട്ഈ സ്ഥലം വളരെ മനോഹരമായിരുന്നു മരങ്ങളും പൂക്കളും



പൂക്കളിൽനിന്ന്തേൻകുടിക്കാൻ വരുന്നചിത്രശലഭങ്ങളും തുമ്പികളുംഎല്ലാം അവിടെഉണ്ടായിരുന്നു പല ജീവികളുടെയും ആവാസവ്യവസ്ഥകൂടുകയായിരുന്നു. അത് എത്ര മനോഹരമായിരുന്നു.

# കെടാവിളക്കാണ് എന്റെ അമ്മ

എന്റെ അമ്മയാണ് എന്റെ നീണ്ട നിലാവ്
എന്റെ അമ്മയാണ് എന്റെ എല്ലാം.
അമ്മ ഇല്ലെങ്കിൽ എനിക്ക് ജീവിതം ഇല്ല.



അച്ഛനെക്കാൾ എനിക്ക്
അമ്മയോടാണ്.
എങ്കിലും എനിക്ക്
എന്റെഅച്ഛൻ സ്നേഹം
തരുന്നുണ്ട്
എനിക്ക് എന്റെ
അമ്മയില്ലാതെ
ജീവിക്കാൻ പറ്റില്ല.

ഞാൻഈഭൂമിയിൽവന്നപ്പോൾ എന്റെ അമ്മയുടെ ശബ്ദമാണ് ഞാൻകേട്ടത്എന്റെ കാതിൽ ആദ്യം കേട്ടത് അമ്മ എന്നാണ്അമ്മയുടെആവാൽത്സല്യം

എന്തുസുന്ദരമായിരുന്നു

# മഴ മേഘങ്ങൾക്ക് താഴെ



പുഴ കാത്തിരിക്കുകയാണ്
ആകാശങ്ങൾക്ക് താഴെ
അതിനുതാഴെ മേഘങ്ങൾക്കിടയിൽ
ഒരു ജലത്തുള്ളിക്കു വേണ്ടി
അതിലൂടെ മണലൊന്നു നനയാൻ
മരമൊന്നു വളരാൻ
മലിനമായമനുഷ്യന്റെ
മനമൊന്നു കുതിരാൻ
പുഴ കാത്തിരിക്കുകയാണ്
ഒരു യാചകിയെപ്പോലെ
ആകാശങ്ങൾക്ക് താഴെ
ദൂരെ മഴമേഘങ്ങൾക്ക് താഴെ

# എന്നെ ചതിച്ച പടക്കം

*സെപ്റ്റംബർ 21 രണ്ടായിരത്തി പത്തൊന്പത് രാത്രി ഒരു 8:00 സമയം ഇത് ഇങ്ങെനെയാകുമെന്ന്* ഞാൻ ഒരിക്കലും കരുതിയില്ല.എന്റെ ജനനവും പെരുന്നാൾ രാവുമായിരുന്നു. ഒരിക്കലും



വിചാരിക്കാത്ത കാര്യമായിരുന്നു. എന്റെ ജീവിതത്തിൽ ഞാൻ ഇതുവരെ ചെയ്തതിൽ എനിക്കു മറക്കാൻ പറ്റാത്ത ഒരു സംഭവമാണ് ഇത്. എന്തെന്നുവെച്ചാൽ ഞങ്ങൾ പെരുന്നാളിന് പടക്കം പൊട്ടിച്ചപ്പോൾ അയൽ വാസിയുടെ ജനാലയിൽ ചെന്ന് തട്ടി ജനൽ പൊട്ടി അയൽവാസി ഞങ്ങളോട് ശകാരിച്ചു. ഞങ്ങൾ അദ്ദേഹത്തോട് മാപ്പ് പറഞ്ഞു. ജനൽ ശരിയാക്കി വിട്ടിലേക്ക് മടങ്ങി. ഇത് എന്റെ ജീവിതത്തിൽ മറക്കാൻ പറ്റാത്ത അനുഭവമായിരുന്നു....!

# എവിടെ പോയി

പ്രകൃതി എവിടെ പോയി .....
എന്റെ പ്രകൃതി എവിടെ പോയി .....
മലയെവിടെ പുഴയെവിടെ .....
കുന്നെവിടെ കുളമെവിടെ .....
മറഞ്ഞുനിൽക്കും നീ എവിടെ .....
സസ്യ ശാമള കേരളം .....
ഇന്നെവിടെ പോയ് .....
എന്റെ സസ്യശാമള കേരളം .....
ഇന്നെവിടെപ്പോയ് ....
നീർച്ചാൽ ഒഴുകും വഴികളിൽ .....
ഇന്ന് നീർച്ചോര ഒഴുകുന്നു .....
കേരളം എവിടെ പോയ് .....
മനോഹര കേരളം എവിടെപ്പോയി ....
നിറയും പുഞ്ചിരി വിടരും ....
പൂക്കളിതെവിടെ എൻ കേരളത്തിൽ .....



# ഞാൻ കണ്ട ദുരന്തം

മലകളും കുന്നുകളും എവിടെപ്പോയി ....
കുന്നുകൾ ഇടിക്കുന്നു ...
പുഴകളിലേക്ക് വലിച്ചെറിയുന്ന
പ്ലാസ്റ്റിക്കും മറ്റും ....
ഈ നാടാകെ മാറുന്നു.....
എന്നിട്ടും അവർ നിർത്തുന്നില്ല ....
ഈ കേരളം ആകെ മാറുന്നു ....
നമ്മൾ കാരണം ....



സസ്യങ്ങളില്ല മരങ്ങളില്ല ....
എല്ലാം വെട്ടുന്നു ...
ഇങ്ങെനെ നമ്മുടെ കേരളം
മാഞ്ഞു പോകുന്നു .....
ഇങ്ങെനെ ചെയ്താൽ അവസാനം ....
നമ്മൾ തന്നെ ഇല്ലാതാകുന്നു .....
ഇതിനുകാരണം നമ്മളും
നമ്മുടെ ദുശീലവും .....
ഇനിയെങ്കിലും നന്നാവുക ഈ കേരളം പുനർജനിക്കുക.....

# ശാന്തമായ രാത്രി

ഒരിക്കൽ ഒരിടത് അച്ഛനും അമ്മയും മുത്തശ്ശനും മുത്തശ്ശിയും രണ്ടു കുട്ടികളുമായി സന്തോഷത്തോടെ ഒരു കുടുംബം ജീവിച്ചിരുന്നു .അവിടുത്തെ രണ്ടുകുട്ടികളാണ് രമയും രാജുവും. രമ പത്തിലും രാജു അഞ്ചിലും പഠിക്കുന്നു

ഒരു ദിവസം രാജുവും രമയും സ്കൂൾ വിട്ട ശേഷം കളിച്ചു ക്ഷീണിച്ചു അവർ അന്ന് പഠിക്കാൻ ഇരുന്നില്ല നേരത്തെ ഭക്ഷണം കഴിച്ചു കിടന്നു . അന്ന് അമ്മയും മുത്തശ്ശനും മുത്തശ്ശിയും അച്ഛനും അവരോടൊപ്പം നേരത്തെ കിടന്നു .അവർ കിടന്നതും ഉറങ്ങി .പക്ഷെ രാജുവും രമയും ഉറങ്ങിയില്ല .അത് ഒരു നല്ല നിലാവുള്ള ശാന്തമായ ഒരു രാവായിരുന്നു പക്ഷെ രണ്ടുപേർക്കും ഉറക്കം വന്നില്ല അവർ രണ്ടു പേരും മുകളിൽ പോയിരുന്നു .സമയം പന്ത്രണ്ടര . ഭംഗിയായ നിലാവ് പരത്തിക്കൊണ്ടിരുന്നു ആകാശത്തേക്ക് നോക്കി കിടന്നു .അവർ ചിന്തിച്ചു ഇത്രയും ശാന്തമായ രാവിൽ എന്തുകൊണ്ടും ഞങ്ങൾക്ക് ഉറക്കം വന്നില്ല. അവർ ചിന്തിച്ചു. പക്ഷെ അവർക്ക് അതിന്റെ ഉത്തരം കണ്ടെത്താനായില്ല.

# ഊണിന്റെ മേളം

കുറിയരിവച്ച്  വെളുത്തൊരു ചോറും
കറികളുമാശു വിളമ്പി നിരന്നു
നറു നെയ്യ് ശർക്കര നേന്ത്രപ്പഴവും
ചെറുപപ്പാടമൊരു പത്തിരിന്നുറും
ആനച്ചുവടൻ പപ്പടമൊരുവക
തേനും നല്ലൊരു പഞ്ചാരപ്പൊടി
ചേനക്കറി ചില പച്ചടി കിച്ചടി
പനകമൊരുവക നാരങ്ങാക്കറി
മാങ്ങാപ്പച്ചടി  ഇഞ്ചിപച്ചടി
ചേന   വറത്തും  വറത്തും
ചക്കപ്രഥമനടപ്രഥമൻ വിധ
മൊക്കെപ്പറവാൻ നേരം പോര
പാലും തൈരും മോരും പലവക
കോലാഹലതരമെന്നൊരു ചെയ്യാം
കൊണ്ടപപ്പടമൊരു ദിക്കിൽ
കൊണ്ടാ പഴമെന്നൊരു ദിക്കിൽ
ചക്കപ്രഥമൻ കൊണ്ട വളരെ
ശർക്കരയുണ്ടകളമ്പതു കൊണ്ടാ
പച്ചടി കൊണ്ടാ കിച്ചടി കൊണ്ടാ
പഞ്ചാരപ്പൊടി യൊരുപറ കൊണ്ട
മധുരക്കറിയോ മഥിതക്കറിയോ
മതി മതി പോരാ കോരി കൊണ്ട



# ശാന്തത

മൃദുവായ ചുണ്ടുകൾ ...

നീണ്ടു വിടർന്ന...

കണ്ണുകളോടു ചോദിച്ചു...

നീയെന്തേ നിറയാത്തൂ...

നീയെന്തേ തുളുമ്പാത്തൂ...

എന്തേ പെയ്തൊഴിയാത്തൂ...

ഒരു കടലുണ്ടല്ലോ...

കരഞ്ഞു തീർക്കാൻ...

പെയ്തൊഴിയൂ മനസ് ശാന്തമാക്കട്ടെ...

മിഴികൾ മെല്ലെ മൊഴിഞ്ഞു...

ഞാൻ പെയ്തുവന്നാൽ...

നിനക്ക് വിതുമ്പാതിരിക്കാനാവില്ല...

അലറി കരയാതിരിക്കാനാവില്ല...

എനിക്കു കാണാൻ വയ്യ...

നിന്റെ പുഞ്ചിരിയിലാണെന്റെ ശാന്തത........!

# എന്റെ യാത്ര

ഒരു പഠനയാത്ര പോകുകയായിരുന്നു ഞങ്ങൾ. മൺ പാത്രനിർമാണം പഞ്ഞികെട്ടിൽ നിന്ന് നൂലുകൾ ഉണ്ടാക്കുന്നതും അങ്ങനെയുള്ള പലകാഴ്ച്ചകളും കാണാൻ വേണ്ടിയാണ് ഞങ്ങൾ പോകുന്നത്. കുറേ ദൂരം ചെന്നത്തിയപ്പോൾ വലിയ ബ്ലോക്ക് അങ്ങനെ ഞങ്ങളുടെ വാഹനം മെല്ലെ   ചലിച്ചു ആ വാഹനം ബ്ലോക്കിൽ നിന്ന് രക്ഷപെടാൻ ഒരു ചെറിയ വഴിയിലൂടെ കടന്നു. ആ വഴിയിലൂടെ കറങ്ങിതിരിഞ്ഞ് ഞങ്ങൾ അവിടെ എത്തി .അവിടെ വളരെ മനോഹരമായ കാഴ്ച്ചകൾ ഉണ്ടായിരുന്നു. അതെല്ലാം കണ്ട് ഞങ്ങൾ തിരിച്ചു പോരുമ്പോൾ വേറെ വഴിയിലൂടെയാണ് വന്നത്. ഈ യാത്രയിൽ ഒരു വലിയകാര്യമാണ് പഠിച്ചത് വഴികളൊന്നും അവസാനിക്കുകയില്ല എന്നു മനസ്സിലായി.

# നൃത്തം ചെയ്യുന്ന വീട്

അങ്ങനെ ഒരിക്കൽ അവൻ പൈസ കോർത്തെടുത്ത നോക്കിയപ്പോൾ അവൻ വീട് ഉണ്ടാക്കാനുള്ള പൈസ ഉണ്ടായിരുന്നു. അങ്ങനെ വീട് പണി തുടങ്ങി. അവൻ ആഗ്രഹിച്ചപോലെ ഒരു വീടിന്റെ നിർമ്മാണം പൂർത്തിയായി അപ്പോൾ ആവീട്ടിൽ അവൻ കിടന്നുറങ്ങുമ്പോൾ അവന്റെ ഉള്ളിൽ വീട് നൃത്തം ചെയ്യുകയായിരുന്നു. അങ്ങനെ ഒരിക്കൽ ഒരു ദിവസം അവന്റെ മകൾ അവനെ വീട്ടിൽനിന്ന് പുറത്താക്കി. അവനും അവന്റെ ഭാര്യയും കൂടി ഒരുപാട് കരഞ്ഞു എന്നിട്ട് മക്കൾ പറഞ്ഞു പണ്ടേ ശല്യങ്ങളാണ് ഇവിടെനിന്ന് എങ്ങോട്ടെങ്കിലും പോയ്ക്കൂടെ എന്നു മക്കൾ പറഞ്ഞു അവർ ഒരുപാട് സങ്കടപ്പെട്ടു എന്നിട്ടും അവരെ മക്കൾ തള്ളി പുറത്താക്കി.

# എനിക്കു വന്ന ദുരന്തം

ഒരു അമ്മു എന്ന് പേരുള്ള കുട്ടിയുണ്ട്.  അവൾ അവളുടെ അമ്മാവന്റെ അമ്മായിയുടെയും കൂടെയാണ് താമസിച്ചിരുന്നത്. അവൾക്ക് ഒരു നായയുണ്ടായിരുന്നു. അതിന്റെ പേര് ടോമ്പർ എന്നായിരുന്നു. അമ്മുവും നായയും നല്ല സുഹൃത്തുക്കളാണ്. അവർ കളിച്ചുകൊണ്ടിരിക്കുമ്പോൾ കൊടുങ്കാറ്റ്  വന്നു. അമ്മാവനും അമ്മായിയും അവരെ നിലവറയിലേക്ക് ക്ഷണിച്ചു. അങ്ങനെ അവൾ നിലവറയിലേക്ക് ഓടുമ്പോൾ അവളുടെ നായ  വീട്ടിലേക്ക് ഓടി. അതിനെ പിടിക്കാനായി അവൾ അങ്ങോട്ട് ഓടി. അവളെ പിടിക്കാനായി അമ്മാവനും അങ്ങോട്ട് പോയി. അപ്പോൾ ആ കൊടുങ്കാറ്റ് അവരുടെ അടുത്തെത്തിയിരുന്നു. അത് അവരെ വേറെ നാട്ടിൽ കൊണ്ടുപോയി ഇട്ടു. ആ വീട് ഒരു മന്ത്രവാദിയുടെ മേലിൽ ചെന്നു വീണു. ആ മന്ത്രവാദി കിഴക്കിലെ മന്ത്രവാദിയായിരുന്നു. അവൾ വളരെ ദുഷ്ടയായിരുന്നു. തെക്കിലെ മന്ത്രവാദിയോട് അവളെ സഹായിക്കാൻ പറഞ്ഞു. അവൾ പറഞ്ഞു.വടക്കിലെ മന്ത്രവാതിയെ പോയി സഹായം തേടുക. അവർ നിന്നെ സഹായിക്കും. മഞ്ഞ ഇഷ്ടിക പതിച്ച വഴിയിലൂടെ പോവുക...!

അവൾ ഒരു ജോടി ചുവന്ന ഷൂ കൊടുത്തു. ഇത് നിന്നെ സഹായിക്കും എന്ന് പറഞ്ഞു. അവൾ പോകുന്ന വഴിയിൽ ഒരു നോക്കുകുത്തിയെ കണ്ടു അത് പറഞ്ഞു: എന്നെ

ആരെങ്കിലും ഇറക്കിവിട്ടു..... എനിക്ക് മനുഷ്യരെ പോലെ ബുദ്ധിയുണ്ടായിരുന്നെങ്കിൽ. അമ്മു അയാളെ അഴിച്ചു വിട്ടു. നിങ്ങളും ഞങ്ങളോടൊപ്പം വരൂ. നിങ്ങളുടെ ആഗ്രഹവും നടക്കും. അങ്ങനെ അവർ മൂന്ന് പേരും നടക്കുന്ന വഴിയിൽ ഒരു മനുഷ്യനെ കണ്ടു. അയാളുടെ ആഗ്രഹം അയാളുടെ ഭാര്യയുടെ കൂടെ ജീവിക്കണം എന്നായിരുന്നു. മനുഷ്യനെയും അവരുടെ കൂടെക്കൂട്ടി. വഴിയിൽ വെച്ച് ഒരു സിംഹം കരയുന്നത് അവർ കേട്ടു. സിംഹത്തിന്റെ വാൽ എലികടിച്ചിരുന്നു. സിംഹത്തിന്റെ ആഗ്രഹം ധൈര്യം വേണം എന്നായിരുന്നു. മന്ത്രവാദി അവരുടെ എല്ലാ ആഗ്രഹം സാധിച്ചു കൊടുത്തു. അമ്മുവിനോട് പറഞ്ഞു: അത് നിനക്ക് സ്വന്തം ചെയ്യാൻ കഴിയും. കാരണം നിന്റെ കാലിലുള്ള ഷൂ കിഴക്ക് മന്ത്രവാദിയുടെതാണ്. നീ വിചാരിക്കുന്ന സ്ഥലത്തേക്ക് വേഗം എത്തി ചേരാൻ കഴിയും അങ്ങനെ അവളുടെ ആഗ്രഹവും സാധിച്ചു.............................!

# പാപ്പിക്കിലുമണി

വർണക്കുടയും ചുടിക്കൊണ്ട്

പാപ്പക്കിലുമണി പോണുണ്ട്...

ബുക്കും ബേഗും കൈയിലെടുത്ത്

പാപ്പിച്ചേട്ടൻ കൂട്ടുണ്ട്...

പീപ്പീ...പീപ്പീ...പീപ്പീ...വണ്ടികളമ്പോ

കൂട്ടം കുടി പോണുണ്ട്...

പോം പോം...പോം പോം...

ആനവണ്ടി




ചന്തം വച്ചു വരുന്നുണ്ട്...

കിലുമണി പാപ്പി...കിലുമണി പാപ്പി...

സൈക്കിൾ മണികൾ വിളിക്കുന്നു...

സ്റ്റൈലിൽ സ്മൈലിൽ പൂക്കൾ

വിരിച്ച്...

പാപ്പിക്കിലുമണി നിൽക്കുന്നു.......!

# പൂവിലുള്ള സ്വപ്നം

ഒരു ഗ്രാമത്തൽ ഒരു രാമു എന്ന ഒരാൾ ഉണ്ടായിരുന്നു അദ്ദേഹം ഒരു വലിയ ഓഫീസർ ആയിരുന്നു . അദ്ദേഹത്തിന് ഒരുപാട് സ്വപ്നങ്ങൾ ഉണ്ടായിരുന്നു. അതിൽ ഒന്നാണ് പൂവിനോടുള്ള  മോഹം. രാമു ഒരു ദിവസം ഒരു പൂവ് വാങ്ങാൻ വിചാരിച്ചു. അയാൾ പൂവ് വാങ്ങാൻ കടയിൽ ചെന്നെങ്കിലും അദ്ധേഹത്തിന് ഒരു പൂവും കണ്ണിൽ പിടിച്ചില്ല. അപ്പോഴാണ് ഒരു ചെറിയ റോസ് രാമുവിന്റെ കണ്ണിൽ പെട്ടത് . രാമു അപ്പോൾ തന്നെ അതിൽ സ്വപ്നങ്ങൾ കാണാൻ തുങ്ങി . രാമു അത് വാങ്ങി .......

രാമു അതിനെ ഒരു കേടും കൂടാതെ വളർത്തി. അതിൽ നിന്ന് വരുന്ന സുഗന്ധവും അതിന്റെ ഭംഗിയും രാമു ആസ്വദിച്ചു. അദേഹം ഓഫീസ് കാര്യങ്ങൾ നോക്കുമ്പോൾ ഇടക്കിടെ പൂവിനെ ഓർക്കും. അദേഹം വീട്ടിൽ വന്നാൽ ഉടനെ പൂവിനെ നോക്കി കുറച്ച് നേരം ഇരിക്കും. ഒരു ദിവസം രാമു ഒരു വലിയ ഓഫീസ് പ്രശ്ന്ത്തിൽ കുടിങ്ങി. അദേഹം പ്രശ്ന്ങ്ങൾക്കിടയിലും പൂവിനെ സ്വപ്നം കാണുമായിരുന്നു. എന്നാൽ രാമുവിന് ഒരു വേലാതിയും ഉണ്ടായിരുന്നില്ല. രാമുവിനെ ദേഷ്യമോ സങ്കടമോ വരുമ്പോൾ

രാമു പൂവിനെ നോക്കിയിരിക്കും . അതിൽ ഒരു സ്വപ്നവും കാണും അപ്പോൾ രാമുവിന് ആശ്വാസമാകും.....

എത്ര വലിയ പ്രശ്നത്തിലായാലും രാമു പൂവിനെ മനസ്സിൽ കരുതും. അത്ര ഇഷ്ടമായിരുന്നു രാമുവിന് പൂവ്. അയാളുടെ ഓഫിസിൽ ഒരാൾ ദുഃഖത്തോടെ ഇരിക്കുമ്പോൾ രാമു അദ്ദേഹത്തോട് ചോദിച്ചു : എന്താണ് ദുഃഖിതനായി ഇരിക്കുന്നത്. അയാൾ പറഞ്ഞു: ഓരോ പ്രശ്നങ്ങൾ വരുന്നു. അപ്പോൾ രാമു പറഞ്ഞു: "നിങ്ങൾക്ക് ഇഷ്ടപ്പെട്ടത് ആണെങ്കിൽ നിങ്ങളുടെ സ്വപ്നം എന്തെങ്കിലും നിങ്ങൾ മനസ്സിൽ കരുതിയാൽ അത് നിങ്ങൾക്ക് ആശ്വാസമാക്കും ഞാൻ എന്റെ സ്വപ്നം ഒരു പൂവിലാണ് കാണുന്നത് അത് കൊണ്ട് എനിക്ക് മനസ്സിന് ഒരു പൂവിലാണ് കാണുന്നത് അത് കൊണ്ട് എനിക്ക് മനസ്സിന് ഒരു ആശ്വാസം കിട്ടും" അങ്ങനെ ഓഫീസ് പ്രശ്നങ്ങൾ മാറി. അപ്പോൾ രാമു വിചാരിച്ചു എത്ര വലിയ പ്രശ്നം നേരിട്ടാലും പൂവിൽ കാണുന്ന ഒരു ചെറിയ പ്രശ്നവും സ്വപ്നവും അയിരുന്നു.....!

# മാഞ്ഞു പോയ നിലാവിളക്ക്



എവിടേക്ക് പോയി എൻ-
സുന്ദര പ്രകൃതിയേ.......
ഇനി നീ എന്നണിയും-
എൻ ചാരത്ത്......
ഞാൻ നിന്റെ വർണ്ണ ശഭളമായ-
ഭംഗിയെ പുണരാൻ
കാത്തിരിക്കുന്നു-
ഒരു പൂവിതളാകുന്നു.....
നീ കനിഞ്ഞുനൽകിയ നിൻ-
വരദാനങ്ങൾ ഇന്ന് ഒളിഞ്ഞിരിക്കുന്നു...
അതിനു കാരണം മനുഷ്യ വിഭത്തുകളാണ്...
ഇനി തിരികെ വരുമോ-
നിൻ സുന്ദര കാവ്യം
നിന്റെ തിരിച്ചു വരവിനെ-
ഞാൻ കാതോർത്തിരിക്കുന്നു.....

# പ്രകൃതി

എവിടെയാണ് പ്രകൃതി

എവിടെയാണ് കുന്നും മലയും-

പ്രകൃതിയെ മനുഷ്യൻ കൊല്ലുന്നു.....

എങ്ങോ എവിടെ  പോയി മറയുന്ന പ്രകൃതി



# പ്രകൃതിയില്ലാതാകുന്നു

ആദ്യ കാലത്ത് മലയും പുഴയും കുളവുമൊക്കെ നിറഞ്ഞ ഒരു സുന്ദരമായ ഒരു നാടായിരുന്നു നമ്മുടേത്. എന്നാൽ ഇപ്പോൾ മലയും കുന്നും കുളവും ഒക്കെ എവിടെക്കോ പോയി മറഞ്ഞു.മലകളും കുന്നുകളുംഎല്ലാം പല ജീവികളുടെയും ആവാസവ്യവസ്ഥയാണ്. അതെല്ലാം മനുഷ്യർ ഇടിച്ചു നിരത്തി. ഭൂമിയിൽ എല്ലാ ജീവജാലങ്ങളും ഒരേ അവകാശം ആണെന്ന കാര്യം മനുഷ്യർ ചിന്തിക്കുന്നില്ല. ഇപ്പോൾ വളരെ കുറഞ്ഞ പ്രദേശങ്ങളിൽ മാത്രമേ മലകളും കുന്നുകളും കാണാൻ  കഴിയുന്നുള്ളൂ ഇവയെല്ലാം നശിപ്പിച്ചാൽ നമുക്ക് തന്നെ ദോഷം എന്ന് നമ്മൾ ചിന്തിക്കുന്നില്ല. മലയും കുന്നുകളും എല്ലാം നശിപ്പിച്ചാൽ വരുന്ന ആ ദുരന്തത്തെ കുറിച്ച് മനുഷ്യർ ചിന്തിക്കുന്നില്ല.

# ഉറക്കത്തിന്റെ രാവ്

എന്തൊരു ശാന്തമാണീ രവ് ,എന്നിട്ടും എന്തേ ഉറക്കം വരാത്തേ...എത്ര വലിയ പണക്കാരനായാലും ഒരു ശാന്തമായ ഒരു മുറിയിൽ ഉറങ്ങാൻ കിടന്നാലും ആ മനുഷ്യന് ഉറക്കം വരികയില്ല.കാരണം അതാണ് ഇന്നത്തെ മനുഷ്യൻമാർക്ക് ഒരു  ജീവിതം കാരണം ഏത് കോടീശരനായാലും ഒരു ഭാകത്ത് സമാധാനമായി ഉറങ്ങാൻ കിടന്നാൽ മറു ഭാഗത്ത് പൊളിഞ്ഞ വീടും പോയിരിക്കും.കാരണം പണം കൊടൊത്ത് ഭക്ഷണം വാങിക്കുകയും മറു ഭാഗത്ത് രോഗം വിളിച്ചുവരുത്തുകയും ചെയ്യുന്ന ഇവറ് ഈ ലോകത്തിന്റെ ശാന്തമാണ് കളയുന്നത് അതിമോഹത്തോടെ ഈഭൂമിയിൽ ഒരാൾ പോലും ജീവിക്കുകയില്ല.

# പ്രതീക്ഷയോടെ അമ്മ




പകൽ മുഴുവൻ കത്തിജ്ജ്വലിക്കുന്ന
അസ്തമയ സൂര്യനെ
വിഴുങ്ങാൻ കാത്തിരിക്കുന്ന
കടലിനെ പ്പോലെ
ചിത്രശലഭങ്ങൾതന്നെ ഉമ്മവെക്കാൻ
വരു മെന്നോർത്തിരിക്കുന്ന
റോസാപ്പൂവിനെ പ്പോലെ
വൃദ്ധസദനത്തിന്റെ വാതിൽപ്പടികളിൽ
തന്റെ മകൻ വരുമെന്ന പ്രതീക്ഷയോടെ...
ഒരു പിടി സ്നേഹത്തിൻ കരങ്ങളുമായ്
ഇന്നും കാത്തു നിൽക്കുന്നു ആ അമ്മ

# ഹരിതം

പച്ചക്കിളിയൊന്നു പാറി
യൊരു കൊച്ചശോകത്തോപ്പിലേറി
ചാഞ്ചാടിയപ്പൊഴാചില്ലി
കൊമ്പുതാൻചാടുമർ മരംചൊല്ലി
ചഞ്ചൽ തളിർ കൊണ്ടു വീശിനറും
ചെഞ്ചായമൊന്നങ്ങു പൂശി
ശാരികപ്പൈതലിൻ മോടി
കണ്ടു മാരുതനും ചെന്നു കൂടി



# പൈങ്കിളിയോട്



തെക്കേലെ മാവിന്റെ കൊമ്പത്തിരിക്കണ

പൂന്നാര പൈങ്കിളിയെ എന്റെ

പൂന്നാര പൈങ്കിളിയേ

കാത്തിരിപ്പാണല്ലോ നീയെന്നുമാരെയോ

ആരെയാണാരയാണാരയാണ് ?

തീറ്റ തേടിപ്പോയ അമ്മയെയാണോ

കാണാതെ പോയൊരു അച്ഛനെയാണോ

കൂട്ടു മെനയാനായ് നാരിനു പോയൊരു

താരാട്ടു പാടിയുറക്കുന്ന കുഞ്ഞിളം

കാറ്റിനേയാണോ പൂങ്കാറ്റിനേയാണോ

തെക്കേല മാവിന്റെ കൊമ്പത്തിരിയ്ക്കണ

പൂന്നാര പൈങ്കിളിയെ

എന്റെ പൂന്നാര പൈങ്കിളിയെ

കാത്തിരിപ്പാണല്ലോ നീയൊന്നു മാരയോ

കാത്തിരിപ്പ് നീണ്ട കാത്തിരിപ്പ്

# അറിവായ് നിറവായ്

ലോകം എന്നെപ്പറ്റി എന്തു കരുതുന്നു എന്നെനിക്കറിയില്ല എന്നെ സംബന്ധിച്ചോളം ഞാൻ ഒരു കൊച്ചു കുട്ടിയാണ് അനന്ത വിസ്തൃതമായ പ്രപഞ്ച മണൽപ്പുറത്ത് മണൽ വാരി കളിക്കുന്ന ഒരു കൊച്ചു കുട്ടി. അൽപ്പം വെളുത്ത ഒരു വെള്ളാരങ്കല്ലോ ഭംഗിയാർന്ന ഒരു കക്കത്തോടോ കാണുമ്പോൾ എന്റെ ശ്രദ്ധ അങ്ങോട്ട് തിരിയും പക്ഷെ സത്യത്തിന്റെ സാഗരം എന്റെ കൈപ്പിടിയിലൊതുങ്ങാതെ അജയ്യമായിത്തന്നെ നില കൊള്ളുകയാണ്.

# മിഠായിപ്പാട്ട്

സ്ഫടികം കൊണ്ടൊരു വീടാണല്ലോ
കുട്ടികളൊത്തിരിയുണ്ടല്ലോ
പല വർണത്തിലുടുപ്പുകളിട്ടീ
വീട്ടിൽ ഞങ്ങളിരിപ്പല്ലോ
ഞങ്ങളെ നോക്കി കൊതിക്കുന്ന
നിങ്ങടെ നോട്ടം കണ്ടിട്ടിവിടെ
നങ്ങളിരുന്നു ചിരിക്കുന്നു



# എവിടെക്കോ പോയി മറയുന്നു

പണ്ട് കാലങ്ങളിൽ നമ്മുടെ മുത്തച്ഛൻമാർ ഓടിക്കളിച്ചിരുന്ന മലകളും, കുന്നുകളു വഞ്ചിയിൽ വഞ്ചി പാട്ടുകൾ പാടിരസിച്ചിരുന്ന  പുഴകൾ.നമ്മുടെ സ്പന്ദനം അറിഞ്ഞിരുന്ന  മരങ്ങൾ  ഇപ്പോൾ അതെല്ലാം എവിടെക്ക് പോയിമറഞ്ഞു. കുന്നുകളും, മലകളും, മരങ്ങളും വെള്ളപ്പൊക്കത്തെ  തടയും. മരങ്ങൾ മണ്ണൊലിപ്പിനെതടയും.കുന്നുകളും, മലകളും, മരങ്ങളും നിരത്തിയാൽ എത്ര അപകടങ്ങളാണ് ഉണ്ടാകുക. അതുപോലെ പുഴയും, കുളവുമൊക്കെനികത്തിയാൽ വെള്ളപ്പൊക്കം ഉണ്ടാകും. നിരത്തിയസ്ഥലത്തെ വീടുകളും, കെട്ടിടങ്ങളും ഉണ്ടാക്കുന്നു അവിടെചെറിയമഴ പെയ്യുമ്പോൾ വെള്ളപ്പൊക്കം ഉണ്ടായിജനങ്ങൾ പ്രയാസപ്പെടന്നു. അപ്പോൾ മഴ നൽകാൻ വേണ്ടി പ്രയത്നിക്കും ഇത് എന്ത് സമൂഹമാണ്. ഓരോന്നു വരുത്തിവെച്ച് പ്രയാസങ്ങൾ അനുഭവിക്കുന്നു.

# ഏതൊരു മനുഷ്യന്റെയും കുഴപ്പം

എന്റെ ഉപ്പ വീടുപണിതുടങ്ങിയപ്പോൾ ഞാൻ രണ്ടു തട്ടുണ്ടാക്കുമെന്ന് ഞാൻ കരുതിയില്ല.അധികം ആളുകളും കടയിൽ പോയി സാധനം വാങ്ങി കഴിയുമ്പോൾ അവൻ\ അവൾകൊണ്ടുവന്നപണത്തേക്കാൾ ആകുമെന്ന് ഞാൻ കരുതിയതേ ഇല്ല. ഈവർഷത്തിൽ ഉണ്ടായ പ്രളയം കേരളത്തിലെ പകുതിയിലേറെ അണക്കെട്ടുകൾ തുറക്കുമെന്ന് ഞാൻ കരുതില്ല.ഒരു മനുഷ്യനും ഉറങ്ങുമ്പോൾ പെട്ടെന്ന് സൂര്യൻ ഉദിക്കുമെന്ന് ഒരാളും കരുതാറേയില്ല.

# ജീവിത വഴികൾ

ഒരു വ്യക്തി അയാളുടെ നിത്യ ജീവിതത്തിൽ നിത്യവും തോൽവിയും ഏറ്റുവാങ്ങി കൊണ്ടിരിക്കുകയാ യിരുന്നു. അയാൾ സ്വയം വിശ്വസിക്കുകയാണ്. ജീവി തത്തിൽ തോൽവി ഉണ്ടാകുമെന്ന് ചിന്തിച്ചില്ല. ഈ അവസരത്തിൽ വലിയ ഒരു വിഷയത്തിന്റെ വാതിൽ അയാളുടെ മുന്നിൽ തുറക്കപ്പെടുകയും അവസാനിക്കുക യും ചെയ്തു. അപ്പോഴാണ് അയാൾ മനസ്സിലാക്കിയത്. ജീവിതത്തിൽ ഒരു വഴി അടഞ്ഞാൽ മറ്റൊരു വഴി തുറക്കപ്പെടുമെന്ന് മനസ്സിലാക്കിയത്. എല്ലാവഴികൾ തുറന്നുകെണ്ടിരിക്കുകയാണ്. അത്അവസാനിക്കുന്നില്ല. ഈ അവസരത്തിൽ വലിയ ഒരു വിഷയത്തിന്റെ വാതിൽ തുറക്കപ്പെട്ടു

# മറയുന്ന ലോകം

പുഴയും,കുന്നും,മലകളും,വയലുകളും മെക്കെ ലോകത്തോട് വിട പറയുഞ്ഞു കൊണ്ടിരിക്കുന്ന ലോകത്താണ് ഞാൻ ജീവിക്കുന്നത്.ക്കാരണം ഇന്ന്നാം ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ മണ്ണിലേക്ക് വീണ്ട അവിടെ കിടന്ന് ജീർണിക്കാതെ മണ്ണിന് അത് ദോശകരമായി മാറുന്നത്. അതു കാരണം ദോശം വരുന്നത് മണ്ണിന് മാത്രമല്ല മനുഷ്യർക്കും ജന്തുജാലങ്ങൾക്കും ലോകത്തെ മുഴുവന് ആവാസ വ്യവസ്ഥക്കും കൂടിയാണ്.ഇത് മാറമെങ്കിൽനാം ഉപയോഗിക്കുന്ന പ്ലാസ്റ്റിന്റെ ഉപയോഗം പരമാവതി കുറക്കണം കുറചാൽ മാത്യം പേര പുഴയിൽ നിന്ന് മണൽ വാരുന്നതും അത് കൊണ്ട് വയൽ നിഗത്തി പ്ലാറ്റുകൾ നിർമിക്കുന്നതും കുറക്കുകയും പരമാവധി മരങ്ങൾ നട്ടുവളർത്തുവാനും ഞാൻ ഓരോരുത്തരും ശ്രമിക്കണം. ഞാൻ നിഗത്തുന്ന വയലിൽ ജീവിക്കുന്ന തവളാ,മത്സ്യം,ചെറുജീവികൾ വംശനാശം സംഭവിച്ച് അവയെല്ലാം നഷിക്കുകയും അവനശിച്ചാൽ  അവയെ തിന്നുന്ന ജീവികൾക്കും  അതു ബാധിക്കും.നാം ഇതെല്ലാം മാറ്റി നല്ലെരു ഭൂമിയെയും നല്ലരു പ്രകൃതിയെയും സൃഷ്ടിക്കുകയും വോണം.

അവൾക്ക് ഒരിക്കലും മറക്കാൻ പറ്റാത്ത ഒരോർമ .
എന്ത്ഒരു ശാന്തമണീ രാവ് എന്നിട്ടും എന്തെ ഉറക്കം വരാത്തെ ?

# ആത്മശാന്തി

അന്ന് ആ രാത്രി ഏറ്റവും നിശബ്ദത വന്നു ചേരുന്ന ഒരു രാത്രിയായിരുന്നു .ആ രാത്രിയെ അവൾ പരമാവധി മുതലെടുക്കാൻ ശ്രമിച്ചിട്ടും ആ നിശബ്ദ രാവ് അവളെ അസ്വാസ്ഥയാക്കുന്നു .എന്തെന്നറിയില്ല അവളുടെ മനസ്സിനെ ആരോ പുതച്ചു മൂടിയത് പോലെ . അന്നവൾക്ക് ഉറക്കം വന്നതേയില്ല . എല്ലാവരും നല്ല മയക്കത്തിലാണ് . അവൾ മാത്രം ഉറങ്ങാതെ



ഇരിക്കുന്നു . അവൾ ഒരുപാട് ആലോചിച്ചു . അവൾ അറിയാതെ തന്നെ

അവൾ അറിയാതെ തന്നെ അവളുടെ മനസ്സിലൂടെ ഇടി മിന്നലിന്റെ വെളിച്ചത്തിൽ ഇളകി മറിയുന്നുണ്ടായിരുന്നു ആ മുഖം. എത്ര ആലോചിച്ചിട്ടും ആ മുഖത്തെകണ്ടു പിടിക്കാൻ ആവുന്നില്ല. അവൾ വെറുതെ ആകാശത്തെ നിലാവിനെ നോക്കി കൊണ്ടിരിക്കുന്ന സമയത്ത് ആ മുഖം അവളുടെ മനസ്സിൽ വ്യക്തമായി അവൾ എറെ സ്നേഹിക്കുന്ന അവളുടെ മനസ്സിൽ തട്ടി പ്രണയ മഴ കൊഴിഞ്ഞ ഒരാളുടെ മുഖം. അവൾ മനസ്സിൽ മെല്ലെ പറയുന്നുണ്ടായിരുന്നു. "അതെ അത് അവനാ"………. !

അവൾ ആലോചിച്ചു ഒരു പക്ഷെ എനിക്ക് ഈ നിലാവുള്ള രാത്രി അവൻ സമ്മാനിച്ചതായിരിക്കാം. ഇത് പറഞ്ഞുകൊണ്ട് അവളുടെ മുഖത്തെ പുഞ്ചിരി അവൾ വിടർത്തി. സ്നേഹത്തെ തോൽപ്പിക്കണമെങ്കിൽ സ്നേഹം കൊണ്ടെല്ലാതെ കഴിയില്ല എന്ന അവളുടെ വിശ്വാസം ഒരിക്കൽകൂടി അവളുടെ മനസ്സിൽ അവൾ ദൃഢമായി തറപ്പിച്ചുവെച്ചു……..!